കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കടലുണ്ടി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:..........................................

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.11/2076/2016

കേരള സംസ്ഥാന ഓഡിറ്റ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
കോഴിക്കോട്
തീയതി.01-12-2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടലുണ്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടലുണ്ടി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി /പി.11/2076/2016 തിയ്യതി:01-12-2016

# കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2015മുതൽ 31-3-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.കെ.കെ.സതീഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.11.2016 മുതൽ 17.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.എ.കെ.ബാലസുബ്രമണ്യൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശ്യാംജിത്ത്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കുമാരി.അഖില.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശൈലജ.ടി.കെ | 1.4.2015മുതൽ 31.10.2015വരെ |
| | ശ്രീ.ഒ.ഭക്തവൽസലൻ | 12.11.2015മുതൽ 31.3.2016വരെ |
| സെക്രട്ടറി | ശ്രീ .ജോണി വർഗ്ഗീസ് | 1.4.2015 മുതൽ 13.1.2016വരെ |
| | ശ്രീ.സുമേഷ് | 13.1.2016 മുതൽ31.3.2016വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുരളി.പി | 1.4.2015മുതൽ 31.3.2016വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഉഷാര.ആർ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. നീതാഗോപാൽ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ഷാഹിദ. | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.റീന | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.നായർ ശ്രീഗീത ശ്രീധര | 1.4.2015മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ദിവ്യ.യു.കെ | 1.4.2015മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രവീന്ദ്രൻ .ടി | 1.4.2015മുതൽ 31.3.2016 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി.ലൂസി.എ.ഐ | 1.4.2015മുതൽ 31.3.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എൻ.രമേഷ് | 1.4.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീമതി.ബിന്ദു. സി.വി | 1.4.2015മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.മിനി.കെ.സി | 1.4.2015മുതൽ 31.3.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1 | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |

| | |
|---|---|
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | |
| 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 2-2 | റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് |
| 2-3 | വ്യപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു. |
| 2-4 | അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ പൂർണ്ണമായി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. |
| 2-5 | ഡിമാന്റ് രജിസ്റ്റർ അപാകതകൾ |
| 2-6 | തൊഴിൽനികുതി അപാകതകൾ |
| 2-7 | പരസ്യനികുതി ഈടാക്കുന്നില്ല. |
| 2-8 | അനധികൃത കെട്ടിടനിർമ്മാണം -അപാകതകൾ |
| 2-9 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ |
| ഭാഗം 3 | |
| 3-1 | റോഡ് കോൺക്രീറ്റിന് നിലം കോൺക്രീറ്റ് ചെയ്യുന്ന നിരക്ക് നല്കി. അധിക ചെലവ് |
| 3-2 | സബ്സിഡി മാർഗ്ഗരേഖകകളിൽ നിന്നും വ്യതിചലിച്ച് ധനസഹായം നല്കി. |
| 3-3 | അനർഹർക്ക് ധനസഹായം നല്കി |
| 3-4 | പി.എച്ച്.സി യിലേക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ |
| 3-5 | എൽ.പി.ജി പൊതു ശ്മശാനം - അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളിൽ പാലിക്കേണ്ട നിബന്ധനകൾ പാലിച്ചില്ല |
| 3-6 | നടപ്പാതകൾ റോഡുകൾ എന്നിവയ്ക്ക് കോണ്ക്രീറ്റിന് പരിധിയിൽ കവിഞ്ഞ് കനം നൽകി - അനാവശ്യ ചെലവ് |
| 3-7 | കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് തനത്ഫണ്ടിൽ നിന്നും അടക്കുന്നു |
| 3-8 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല |
| 3-9 | തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - തുക അടവാക്കിയതിലെ അപാകത |
| 3-10 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സാധുതയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്കും ധനസഹായം നല്കി. |
| 3-11 | തെരുവു വിളക്കുകൾക്ക് ക്രൂസിന്അധികം തുക നല്കി- വിളക്കുകൾ സ്ഥാപിച്ചതിന് കെഎസ്ഇബിയിൽ നിന്നും സർട്ടിഫൈ ചെയ്തു വാങ്ങിയില്ല |
| 3-12 | കായിക രംഗത്തെ സമഗ്ര വികസനം - അപാകതകൾ |
| 3-13 | എസ് സി കുട്ടികൾക്ക് നൽകാനായി ഫർണിച്ചർ വാങ്ങി - പൂർണ്ണമായി വിതരണം ചെയ്തില്ല. |
| 3-14 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 3-15 | തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായി തുക അടവാക്കി- വിനിയോഗ വിവരമില്ല |
| 3-16 | വൈദ്യുതി ലൈൻ നീട്ടൽ പ്രവൃത്തിക്കായി വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗ വിവരമില്ല |
| ഭാഗം 4 | |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ) |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | . സ്ഥിരനിക്ഷേപങ്ങൾ |

| | |
|---|---|
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 29.2.2016തിയതിയിലെ 24/ 2015-16 ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 27.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05-11-2016 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26456710 |
| വരവ് | 53500744 |
| ആകെ | 79957454 |
| ചെലവ് | 75836296 |
| നീക്കിയിരിപ്പ് | 4121158 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4487011 | 8121982 | 12608993 | 12608993 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2408120 | 1787774 | 4195894 | 4195894 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 2988291 | 9234949 | 12223240 | 12223240 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1046913 | 1134895 | 2181808 | 2181808 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1398287 | 6615790 | 8014077 | 8014077 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4634782 | 104713 | 4739495 | 4739495 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 286362 | 286362 | 270876 | 15486 | 94.59 |
| ബി ഫണ്ട് | 0 | 29952510 | 29952510 | 29952510 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 102461691 | 181 | 60327847 | 3 | 79 | 68.82 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6.40 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 6670662 | 5325563 | (-)1345099 |
| നികുതിയേതര വരവുകൾ | 2090576 | 1209853 | (-)880723 |
| മറ്റുവരവുകൾ | | | |
| ആകെ | 8761238 | 6535416 | (-)2225822 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 181200 | 142 |
| കർഷകതൊഴിലാളി പെൻഷൻ | 2197110 | 301 |
| വിധവാപെൻഷൻ | 10102200 | 1101 |
| വാർദ്ധക്യകാലപെൻഷൻ | 11426430 | 1492 |
| വികലാംഗപെൻഷൻ | 3629810 | 368 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2085760 | 225 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2016 10 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29076 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | സെപ്റ്റംബർ 2016 | ഒക്ടോബർ 22,24,25 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.3.2003 | 1997 മുതൽ 2002 വരെ | Spl cell(HQ)1 V/418/906 Dated 27.6.2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2015 – 16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ മുഴവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2.അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഐ.ടി , വാറ്റ് , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക കണക്കുകളിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3. കെട്ടിട നികുതി ഡിമാൻഡ് രജിസ്റ്റർ , കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

4. കെട്ടിടനികുതി ഇനത്തിലെ മുൻവർഷങ്ങളിലെ ഡിമാൻഡ് തൻവർഷത്തേക്ക് carry Over ചെയ്തിട്ടില്ല.

6. MGNREGS ചെലവിനത്തിന്റെ EFMS പ്രകാരം 2015-16 വർഷത്തെ ആകെ വരവും ചെലവും 10551000 രൂപയാണ്. എന്നാൽ വാർഷിക കണക്കുകളിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിലെ I-6 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലെ ആകെ വരവ് 10515334 രൂപയാണ്.

7. ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള വർഷാവസാന കമ്മി (3860458) രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരം 'Excess of income over expenditure' എന്നത് തെറ്റായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 2-2 റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ,ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി I ഗ്രാമപഞ്ചായത്തിൽ 150 ച.മീ താഴെയുള്ള ഗ്രൂപ്പ് AI വാസഗൃഹങ്ങൾക്ക് ച.മീ ന് 2.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 5 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 7 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. 2015-16 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം കുറവ് വന്നതായി കാണുന്നു.

| ക്രമ നമ്പർ | പെർമിറ്റ് നമ്പർ, റഗുലറൈസേഷൻ തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണം, ഒക്യുപൻസി | പെർമിറ്റ് ഫീ | രാജിയാക്കൽ ഫീ | ഈടാക്കേണ്ട ആകെ ഫീ | ഈടാക്കിയ ഫീ | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 18/15-16, 9.6.2015 | ബാബുരാജൻ, അമ്പാളി | 159.11 ച.മീ വാസഗൃഹം | 796 | 1592 | 2388 | 1600/11507100953, 8.6.2015 | 788 |
| 2 | 45/15-16, 10.6.15 | സി.കെ.പ്രേമലത, ചാത്തൻ കൈപ്പറമ്പിൽ | 54.38 ച.മീ വാസഗൃഹം | 136 | 272 | 408 | 275/11507100984, 10.6.2015 | 133 |
| 3 | 110/15-16, 11.8.2015 | ചന്ദ്രദാസൻ, നമ്പിയിൽ | 127.75 ച.മീ വാസഗൃഹം | 319 | 638 | 957 | 640/11507101877, 11.8.2015 | 317 |
| 4 | 200/15-16 | എൻ.സി.മുസ്തഫ | 97.74 ച.മീ വാസഗൃഹം | 244 | 488 | 732 | 490/11521101843, 1.2.2016 | 242 |
| 5 | 238/15-16, 23.9.2015 | മജീദ്.വി വെള്ളോടത്തിൽ | 46.44 ച.മീ വാസഗൃഹം | 116 | 232 | 348 | 235/1150710212, 1.9.2015 | 113 |
| 6 | 287/15-16, 20.1.2016 | ഷരീഫ, തലാഞ്ചേരി | 27.69 ച.മീ വാണിജ്യം | 194 | 388 | 582 | 392/11521101660, 20.1.2016 | 190 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | 295/15-16, 18.3.2016 | മുഹമ്മദ് ബഷീർ | 141.96 ച.മീ വാസഗൃഹം | 355 | 710 | 1065 | 710/11521103885, 18.3.2016 | 355 |
| 8 | 297/15-16, 25.11.2015 | അക്ബർ, മെക്കാമണ്ണിൽ | 88.62 ച.മീ വാസഗൃഹം | 222 | 444 | 666 | 445/1152110056, 25.11.2015 | 222 |
| 9 | 312/15-16, 9.1.2016 | പി.കെ.ഗിരിജ പ്രണവം | 197.76 ച.മീ വാസഗൃഹം | 989 | 1978 | 2967 | 1920/11521101625, 19.1.2016 | 1047 |
| 10 | 313/15-16, 21.12.2015 | അമ്മാട്ട് സുനിൽകുമാർ | 210.95 ച.മീ വാസഗൃഹം | 1055 | 2110 | 3165 | 1248/1152110095, 21.12.2015 | 1917 |
| 11 | 321/15-16, 30.12.2015 | ഷംസുദ്ദീൻ, വാപ്പാനാക്കിൽ കോഴികക്കാടൻ | 191.52 ച.മീ വാസഗൃഹം | 958 | 1916 | 2874 | 1920/11521101172, 30.12.2015 | 954 |
| 12 | 427/15-16, 15.3.2016 | മനോഹരൻ, കിഴക്കേപുരയ്ക്കൽ | 70.44 ച.മീ വാസഗൃഹം | 176 | 352 | 528 | 355/11521103700, 15.3.2016 | 173 |
| 13 | 452/15-16, 15.3.2016 | ഷാജഹാൻ, മൂത്തേടത്ത് | 134.55 ച.മീ വാസഗൃഹം | 336 | 672 | 1008 | 675/11521103727, 15.3.2016 | 333 |
| ആകെ | | | | | | | | 6784 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 /14.11.2016 ന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന പെർമിറ്റ് ഫീ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന പെർമിറ്റ് ഈടാക്കി ഒടുക്കേണ്ടതും അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നു.

ഡി. ആന്റ്. ഒ രജിസ്റ്റർ, വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ (form 6) എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതി ആണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷാ നമ്പർ(ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം), അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം | വസ്തുനികുതി ( സഞ്ചയ അസസ്മെന്റ് പ്രകാരം) |
|---|---|---|---|
| 1 | 61, രാജു.കെ<br>രാജു സൈക്കിൾ മാർട്ട് | 5/564 | പാർപ്പിടാവശ്യം<br>17 രൂപ |
| 2 | 75, ഒ.ബാബു<br>ഹോട്ടൽ ജിനീഷ്,<br>കടുക്കാബസാർ | 4/21 | പാർപ്പിടാവശ്യം<br>354 |

| | | | |
|---|---|---|---|
| 3 | 30, പി.റഹീം<br>റഹീം സ്റ്റോർ | 1/184 | പാർപ്പിടാവശ്യം<br>96 |

ടി കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതും പാർപ്പിടാവശ്യത്തിന് നികുതി ചുമത്തപ്പെട്ടവയും ആണ്. ടി കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റുന്നതിന് പഞ്ചായത്തിന്റെ അനുമതി നേടിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 13 /14.11.2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡി ആന്റ് ഒ ലൈസൻസിൽ ഉൾപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിക്കുകയും വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ പൂർണ്ണമായി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല.

2015-16 വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളും ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. 2015-16 ന്യൂ ബിൽഡിംഗ് അസസ്മെന്റ് രജിസ്റ്റർ 10ാം വാർഡ് ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ 2015-16 ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ വർഷം, അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് നമ്പർ |
|---|---|---|---|
| 1 | 10/265A | എ.ടി.അറുമുഖൻ, പെരുംവരുത്തി | 2015 ൽ പൂർത്തിയായി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |
| 2 | 10/265 B | ,, | ടി |
| 3 | 10/265 C | ,, | ടി |
| 4 | 10/265 D | ,, | ടി |
| 5 | 10/415 A | അബ്ദുൾശുക്കൂർ, മേലേവീട്ടിൽ | 13.3.2015 |
| 6 | 10/437 A | വർഷ.ടി.പി, അമൃതം | 30.4.2015 |

അസസ്സ്മെന്റ് കഴിഞ്ഞ ടി സ്ഥാപനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിന്റെ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 14/14.11.2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 2-5 ഡിമാന്റ് രജിസ്റ്റർ അപാകതകൾ

2014-15,2015-16 അസസ്മെന്റ് രജിസ്റ്റർ, 2015-16 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന 2014-15 ൽ നികുതി നിർണ്ണയിച്ച കെട്ടിട്ടങ്ങൾക്ക് 2015-16 ഡിമാന്റ് രജിസ്റ്ററിൽ നികുതി വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടനമ്പർ | കെട്ടിട ഉടമ | ഡിമാന്റ് നമ്പർ അസസ്മെന്റ് പ്രകാരം | 2014-15 അസസ്മെന്റ് പ്രകാരം നികുതി (ലൈബ്രറി സെസ് ഉൾപ്പെടെ) | 2015-16 ഡിമാന്റ് രജിസ്റ്റർ പ്രകാരം |
|---|---|---|---|---|---|
| 1 | 10/130 A | ഗീത<br>തച്ചതൊടി | 12768 | 1539 | 1319 |

| | | | | | |
|---|---|---|---|---|---|
| 2 | 10/130B | ടി | 12769 | 1539 | 1317 |
| 3 | 10/130 C | ടി | 12770 | 1539 | 1317 |
| 4 | 10/130 D | ടി | 12771 | 1539 | 1319 |
| 5 | 10/130 E | ടി | 12772 | 1132 | ടി കെട്ടിടം ഡിമാന്റ് രജിസ്റ്ററിൽ ഇല്ല |
| 6 | 10/130 F | ടി | 12773 | 1719 | 1476 |
| 7 | 10/130 G | ടി | 12774 | 2543 | 2179 |
| 8 | 10/130 H | ടി | 12775 | 2543 | ടി കെട്ടിടം ഡിമാന്റ് രജിസ്റ്ററിൽ ഇല്ല. |
| 9 | 3/702 | ഹംസക്കോയ കോമത്ത് | 12872 | 615 | 607 |
| 10 | 3/703 | ടി | 12873 | 615 | 578 |
| 11 | 3/704 | ടി | 12874 | 615 | 607 |
| 12 | 3/705 | ടി | 12875 | 615 | 607 |
| 13 | 3/706 | ടി | 12876 | 615 | 607 |
| 14 | 3/707 | ടി | 12877 | 906 | 1213 |
| 15 | 3/708 | ടി | 12878 | 906 | 607 |
| 16 | 3/709 | ടി | 12879 | 906 | ടി കെട്ടിടം ഡിമാന്റ് രജിസ്റ്റർ പ്രകാരം അബ്ദുൾസലാം ഇല്ലിക്കൽ ആണ് ഉടമ |
| 17 | 14/400A | എം.ഗിരീഷൻ, മരക്കാംതൊടി | 12777 | 1368 | 977 |
| 18 | 14/400B | ടി | 12778 | 1368 | 977 |

| | | | | | |
|---|---|---|---|---|---|
| 19 | 14/400C | ടി | 12779 | 1368 | 977 |
| 20 | 14/400D | ടി | 12780 | 1368 | 977 |
| 21 | 14/400E | ടി | 12781 | 1368 | 977 |
| 22 | 14/400F | ടി | 12782 | 1368 | 977 |
| 23 | 14/400G | ടി | 12783 | 1368 | 977 |
| 24 | 14/400H | ടി | 12784 | 1368 | 977 |
| 25 | 14/400 I | ടി | 12785 | 1368 | 488 |
| 26 | 14/400 J | ടി | 12786 | 1368 | 977 |
| 27 | 14/400 K | ടി | 12787 | 72 | 70 |
| 28 | 14/400 L | ടി | 12788 | 207 | 206 |
| 29 | 14/400 M | ടി | 12789 | 207 | 206 |
| 30 | 14/400 N | ടി | 12790 | 207 | 206 |
| 31 | 14/400 O | ടി | 12791 | 207 | 206 |
| 32 | 14/400 P | ടി | 12792 | 1147 | 819 |
| 33 | 10/128A | ഗോപാലൻ ടി<br>തച്ചാടത്ത് കുമ്മത്ത്ഹൗസ് | 12729 | 1189 | 849 |
| 34 | 10/128B | ടി | 12730 | 1189 | 849 |
| 35 | 10/128C | ടി | 12731 | 1189 | 849 |
| 36 | 10/128 D | ടി | 12732 | 1189 | 849 |
| 37 | 10/128 E | ടി | 12733 | 1189 | 849 |
| 38 | 10/128F | ടി | 12734 | 1189 | 849 |
| 39 | 10/128G | ടി | 12735 | 1189 | 849 |

| | | | | | |
|---|---|---|---|---|---|
| 40 | 10/128 H | ടി | 12736 | 1189 | 849 |
| 41 | 10/128 I | ടി | 12737 | 1189 | 849 |
| 42 | 10/129 J | ടി | 12738 | 1876 | 1330 |
| 43 | 10/128 K | ടി | 12739 | 1876 | 1330 |
| 44 | 10/128L | ടി | 12740 | 1876 | 1218 |
| 45 | 10/128 M | ടി | 12741 | 1876 | 1218 |
| 46 | 10/128 N | ടി | 12742 | 1876 | 1330 |
| 47 | 10/128 O | ടി | 12743 | 1876 | 1218 |
| 48 | 10/128 P | ടി | 12744 | 1876 | 1330 |
| 49 | 10/128Q | ടി | 12745 | 1876 | 1330 |

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17 /14.11.2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സഞ്ചയ ഡാറ്റാ എൻട്രിയിൽ വന്ന തെറ്റ് മൂലമാണ് മേൽ പറഞ്ഞ അപാകതകൾ സംഭവിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന നടത്തിയ ഡാറ്റാ എൻട്രിയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റ പരിശോധിച്ച് അപാകത പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 <u>തൊഴിൽനികുതി അപാകതകൾ</u>

1) തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2015-16 ൽ കടലുണ്ടി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|
| ജിത് ഓഫ് സെറ്റ് പ്രസ് | 2015-16(II) | സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. |
| പ്രിയ പോളിമേഴ്സ് | 2015-16(II) | സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. |
| ബീവീസ് മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റ് | 2015-16(I&II) | സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. |

| | | |
|---|---|---|
| | | |
| മാർവൽ ഇന്ത്യ ഫൂട്ട് വെയർ കമ്പനി | 2015-16(I&II) | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| ഷിഫ സ്പെഷ്യാലിറ്റി ക്ലീനിക് | 2015-16( II) | സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. |
| അയോദ്ധ്യ ഭാരത് ഗ്യാസ് ഏജൻസി | 2015-16( II ) | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| നിഖിൽ പ്ലാസ്റ്റിക്സ് | 2015-16( II) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| എസ്കോർട്ട് കർട്ടൺ | 2015-16( I) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |
| നെക്സ്റ്റ് ഫൂട്ട് വെയർ കമ്പനി | 2015-16( II ) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |
| അരവിന്ദ് വുഡ് ഇൻഡസ്ട്രീസ് | 2015-16(I&II) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |

| ജീവനക്കാരുടെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|
| സൽമ ഹമീദ്,ഉമ്പിച്ചി ഹാജി HSS | 2015-16(II) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |
| വിദ്യ.എസ്, കടലുണ്ടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 2015-16(II) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |
| ശശി.സി,മാവേലി സ്റ്റോർ-ചാലിയം | 2015-16(II) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |
| ശോഭ.കെ,വെറ്റിനറി ഡിസ്പെൻസറി-കടലുണ്ടി | 2015-16(II) | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. |

2) <u>നിശ്ചിത മാതൃകയിൽ അർദ്ധവാർഷിക വരുമാന പത്രികകൾ സമർപ്പിച്ചിട്ടില്ല.</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ, ചട്ടം 16 പ്രകാരം ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി I-ാം നമ്പർ ഫോറത്തിൽ ആഫീസ് തലവനോടോ തൊഴിലുടമയോടോ, ജോലിയുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ പതിനഞ്ച് ദിവസത്തിനുള്ളിൽ II-ാം നമ്പർ ഫോറത്തിലും സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (4)പ്രകാരം തൊഴിലുടമ അങ്ങനെയുള്ള വിവരങ്ങൾ II-ാം

നമ്പർ ഫോറത്തിൽ ലഭ്യമാക്കിയാൽ മാത്രം തൊഴിൽ നികുതി നിർണ്ണയം ആരംഭിക്കേണ്ടതുമാണ്. കടലുണ്ടി ഗ്രാമപഞ്ചായത്തിലെ അർദ്ധവാർഷിക വരുമാനപത്രികകൾ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തസ്തിക, അർദ്ധവാർഷിക വരുമാനം, അലവൻസുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം തൊഴിൽക്കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കേണ്ടതും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധ വർഷത്തേക്കും ഈടാക്കേണ്ട പരമാവധി തൊഴിൽ നികുതിയെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. തസ്തികയും അർദ്ധവാർഷിക വരുമാനവും കണക്കിലെടുക്കാതെയാണ് ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി പിരിവ് നടത്തിയിരിക്കുന്നത്. നിശ്ചിത മാതൃകയിൽ അർദ്ധവാർഷിക വരുമാനപത്രികകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കടലുണ്ടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്
2. മുത്തൂറ്റ് ഫിൻകോർപ്പ്, മണ്ണൂർ വളവ്
3. സൂരജ് പ്ലാസ്റ്റിക്സ്
4. പത്മ പ്ലാസ്റ്റിക്സ്
5. സതേൺ റെയിൽവേ
6. പ്രിയ പോളിമേഴ്സ്
7. ടി.എം.എച്ച് ഹോസ്പിറ്റൽ

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 8/11.11.2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പിഴ സഹിതം ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഫോറം നമ്പർ VI ൽ ഉള്ള നോട്ടീസിൽ 15 ദിവസത്തിനുള്ളിൽ തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും നിശ്ചിത മാതൃകയിൽ റിട്ടേണുകൾ ലഭ്യമാക്കിയാൽ മാത്രം തൊഴിൽനികുതി നിർണ്ണയം ആരംഭിക്കേണ്ടതും സമർപ്പിച്ച റിട്ടേണിന്റെ കൃത്യത പരിശോധിച്ച് തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്. സ്ഥാപനം അത്തരത്തിൽ ലഭ്യമാക്കുമ്പോൾ വരുന്ന കാലതാമസത്തിന് പിഴ സഹിതം ഈടാക്കേണ്ടതുമാണ്. ചട്ടം പ്രകാരം നടപടികൾ സ്വീകരിക്കാത്തതിനാൽ തൊഴിൽനികുതി ഇനത്തിൽ വർഷംതോറും പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. ചട്ടം പ്രകാരം നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 പരസ്യനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചുവയ്ക്കുകയോ ചെയ്യുന്നതിന് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്.അത്തരത്തിൽ പ്രദർശിപ്പിക്കുന്ന പരസ്യത്തിന് സർക്കാറിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. പരസ്യനികുതി ഈടാക്കാത്തതുകൊണ്ട് പഞ്ചായത്തിന്റെ തനത്‌വരുമാനം കുറയുന്നതായി 2013-14,2014-15 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പരസ്യങ്ങൾ സ്ഥാപിക്കുന്നതിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, പരസ്യനികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 12/14.11.2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തികവർഷത്തിൽ കോട്ടക്കടവ് പാലത്തിനു സമീപം തീരദേശ പാതയോട് ചേർന്ന് പരസ്യം പ്രദർശിപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകളുള്ളതായി ഭരണ സമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2015-16 ബഡ്ജറ്റിലും ഈയിനത്തിൽ വരവുൾപ്പെടുത്തിയിട്ടുണ്ട്. നിരവധി വാണിജ്യകെട്ടിടങ്ങൾ ഉൾപ്പെടുന്നതും വികസിച്ചു കൊണ്ടിരിക്കുന്നതും ടൂറിസം സാധ്യതയുള്ളതുമായ പഞ്ചായത്തിൽ പരസ്യനികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

## 2-8 അനധികൃത കെട്ടിടനിർമ്മാണം -അപാകതകൾ

1) അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തീരദേശമേഖല ഉൾപ്പെടുന്ന പഞ്ചായത്തിൽ 1,2,3,19,20,21,22എന്നീ വാർഡുകളിലായി 718 കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടങ്ങൾ ക്രമവൽക്കരികുകയോ പൊളിച്ചുകളയുന്നതിനു നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. ടി കെട്ടിടങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ താൽകാലിക നമ്പർ നൽകുകയാണ് ചെയ്യുന്നത്. 2015-16ൽ 11 കെട്ടിടങ്ങളാണ് അനധികൃതമായി നിർമ്മിച്ചത്.

2) അനധികൃത കെട്ടിട നിർമ്മാണം തുടർ നടപടി സ്വീകരിക്കുന്നില്ല.

ശ്രീ.ചുറ്റാവീട്ടിൽ ചെറിയാട്ടിൽ അബ്ദുൾസലിം എന്നവരുടെ ഉടമസ്ഥതയിലുള്ള 2/146 A,B,C,D,E,F ( റി സർവ്വെ നമ്പർ 45/5, 3.75 സെന്റ് വിസ്തൃതി, ബിൽഡിംഗ് പെർമിറ്റ് നമ്പർ 39/2009-10,15.5.2009) കെട്ടിടത്തിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ.ചെറുവളപ്പിൽ അബ്ദുൾസലാം, സമീപവാസികൾ എന്നിവർ ജില്ലാ കലക്ടർ, സെക്രട്ടറി എന്നിവർക്ക് പരാതി നൽകിയിരുന്നു.( കത്തിന്റെ നമ്പർ ഇല്ല തിയ്യതി 24.3.2010). ഓവർസിയർ, ക്ലർക്ക് എന്നവരുടെ അന്വേഷണത്തിൽ ക്രമവത്കരിക്കാത്ത കെട്ടിടം കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നവെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12.4.2010 ലെ A2.2871/10 നമ്പർ നോട്ടീസ് മുഖേന പഞ്ചായത്ത് അനധികൃനിർമ്മാണം പൊളിച്ചുകളയുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഐ.3.20959/2010 തി. 30.4.2010 പ്രകാരം പൊളിച്ചുകളയാൻ അടിയന്തിര നടപടി സ്വീകരിക്കാൻ കലക്ടർ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. A2.4844 തി. 19.5.2010 പൊളിച്ചുകളയാൻ താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും തുടർ അന്വേഷണത്തിൽ പൊളിച്ചുകളയാത്തതിനാൽ A2.6715/10 തി. 12.7.2010 ന് പ്രസ്തുത ഉത്തരവ് സ്ഥിരപ്പെടുത്തുകയും ചെയ്തു. എന്നാൽ നാളിതുവരെയായിട്ടും ബന്ധപ്പെട്ട വിഷയത്തിൽ സെക്രട്ടറി തുടർനടപടി സ്വീകരിച്ചിട്ടില്ല. വർഷങ്ങൾക്കുശേഷം ഐ1.20959/10 നമ്പർ/16.8.2016 കലക്ടർ സെക്രട്ടറിയോട് കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയും സെക്രട്ടറി വീണ്ടും എ2.2871/10 നമ്പർ തി. 6.10.2016 പ്രകാരം നോട്ടീസ് നൽകുകയുമാണ് ചെയ്തത്.

പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാനാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 9/2015-16 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. പഞ്ചായത്ത് സ്വീകരിക്കുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

പൂർണമല്ലാത്ത അപേക്ഷകളിൻമേൽ ലൈസൻസ് അനുവദിക്കുന്നു.

പഞ്ചായത്ത് സ്വീകരിക്കുന്ന ഡി.ആന്റ്.ഒ ലൈസൻസ് അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ്, യന്ത്രത്തിന്റെ കുതിരശക്തി എന്നിവ രേഖപ്പെടുത്തുന്നില്ല. ഈ അപേക്ഷകളിലും ലൈസൻസ് അനുവദിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | കെട്ടിടനമ്പർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ/രശീതി നമ്പർ,തിയ്യതി |
|---|---|---|---|---|
| 1 | ജാഫർ | 8/25 | IBC Solutions | 100/11507101032, 12.6.2015 |
| 2 | സൂപ്പിക്കുട്ടി.ഇ.പി | കെട്ടിടനമ്പർ ലഭ്യമല്ല | സ്ഥാപനത്തിന്റെ പേര് ലഭ്യമല്ല | 100/11507100782, 30.5.2015 |
| 3 | ഷജീവ് കുമാർ.കെ | 14/398 | വൈശാഖ് ഗ്യാസ് ഹൗസ് | 100/11507102487, 11.9.2015 |

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 11/14.11.2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപേക്ഷകളിൽ സൂക്ഷ്മപരിശോധന

നടത്താതെ ഒരു ഏകീകൃത നിരക്കെന്ന പോലെ 100 രൂപ ഈടാക്കുന്നതായാണ് മനസിലാക്കുന്നത്. അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റിന് നിലം കോൺക്രീറ്റ് ചെയ്യുന്ന നിരക്ക് നല്കി. അധിക ചെലവ്

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പൂർത്തിയാക്കിയ റോഡ് / ഫുട്പാത്ത് പ്രവൃത്തിയിൽ ഒരിനം 20 മി.മീ. മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഈ ഇനത്തിന് ഗുണഭോക്തൃ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയതിന് ഒരു ഘനമീറ്ററിന് കോസ്റ്റ് ഇൻഡക്സ് കോസ്റ്റ് ഇൻഡക്സ് 1.381 പ്രകാരം 6916.05 രൂപയാണ് ഇത് കരാർ പ്രവൃത്തിയാണെങ്കിൽ 7953.46 രൂപയുമാണ്. 2014 ലെ ഡൽഹി ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം , ഡി.എസ്.ആറിലെ തന്നെ ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച വർദ്ധിച്ച നിരക്ക് കൺവീനർ/കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിച്ചിരുന്നുവെങ്കിൽ 5466.30 ആണ് ഡിഎസ്ആർ നിരക്ക്. ഒരു ക്യൂബിക് മീറ്റർ കോൺക്രീറ്റ് ചെയ്യുവാൻ കൺവീനർക്ക് 4753.29രൂപയും, കരാറുകാരൻ 5466.30 രൂപയും കണക്കാക്കി കോഴിക്കോട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് ആയ 1.381 കൊണ്ട് ഗുണിച്ചാൽ കൺവീനർക്ക് 6564.29 രൂപയും (4753.29x1.381=6564.29) കരാറുകാർക്ക് 7548.96 രൂപയുമാണ് (5466.3x1.381=7548.96) ആണ് അനുവദിക്കേണ്ടത്. ഇതിന് പകരം വർദ്ധിച്ച നിരക്ക് അനുവദിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/ ബിൽ നമ്പർ, | കരാറുകാരന്റെ/ കൺവീനറുടെ പേര് | 1:2:4 കോൺക്രീറ്റ് ചെയ്ത വോള്യം (ഘനമീറ്ററിൽ) | അനുവദിച്ച തുക | അനുവദി ക്കേണ്ട തുക | അധികം |
|---|---|---|---|---|---|---|
| 1 | വില്ലേജ് ഓഫീസ് സ്റ്റേഡിയം റോഡ് 61/16<br>ടിഎസ് RBB/ kdy/53/15-16 20.8.15<br>അടങ്കൽ 30000 തനത്ഫണ്ട്<br>ചെലവ് 297588 ചെക്ക് നം 1508050/5.1.16 | പി.സുനിൽ കുമാർ കൺവീനർ<br>എംബുക്ക് നമ്പർ 77/15-16 | ഇനം 3 18.829m3 | @6916 = 130221 | @ 6564.29 = 123599 | 6622 |
| 2 | പടിക്കത്താഴം വലിയോട്ടിൽ കോളനി റോഡ് 123/16<br>ടിഎസ് RBB/ kdy/181/15-16 16.11.15<br>അടങ്കൽ 40000 SCP<br>ചെലവ് 318127 bill നം78/15-16/ 31.3.16 | ചാത്തൻകുട്ടി.പി.ടി കൺവീനർ<br>എംബുക്ക് നമ്പർ 110/15-16 | ഇനം 3 28.01m3 | @6916 = 193718 | @ 6564.29= 183865.76 | 9853 |
| 3 | കുന്നത്ത്കാവ് ചെറിയംപറമ്പ് റോഡ് 86/16 | പി.വിനോദ് കുമാർ<br>കൺവീനർ<br>എംബുക്ക് നമ്പർ | ഇനം 4 19.87m3 | @6916 = 137421 | @ 6564.29 =130432 | 6989 |

| | | | | | | |
|---|---|---|---|---|---|---|
| | ടിഎസ് RBB/ kdy/96/15-16 30.1.16<br>അടങ്കൽ 30000 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ചെലവ് 300000 bill നം 90/15-16 31.3.16 | 113/15-16 | | | | |
| 4 | 41/16 കൈതവളപ്പ് സ്റ്റേഡിയം റോഡ് അടങ്കൽ 400000 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ടിഎസ് RBB/ kdy/4/15-16 15.7.15<br>ചെലവ് 400000 bill നം 46/15-16 20.1.16 | കോൺട്രാക്ടർ പി. ഹസ്സൻകോയ<br>എംബുക്ക് നമ്പർ 51/15-16 | ഇനം 2 35.389m3 | @7569.32 =267870.66 | 7548.96=<br>267150.15 | 721 |
| | 110/16 പാറ്റയിൽ ഡ്രെയിനേജ് ഫുട്പാത്ത് അടങ്കൽ 340000 തനത് ഫണ്ട്<br>ടിഎസ് RBB/ kdy/63/15-16 16.11.15<br>ചെലവ് 19026 നം 1508224/ 31.3.16 233071/- 87767/31.3.16 | കൺവീനർ ജുബീഷ്.കെ<br>എംബുക്ക് നമ്പർ 160/15-16 | ഇനം4 6.85m3 | @6916.05 = 47374.94 | @6564.29 =44965.39 | 2410 |
| | 273/16 പനക്കൽ തൊടി റോഡ് നവീകരണം അടങ്കൽ 499000 തനത് ഫണ്ട്<br>ടിഎസ് RBB/ kdy/49/15-16 20.8.15<br>ചെലവ് 495938 ചെക്ക്നം 1508072/ 26.2.16 | കൺവീനർ സന്തോഷ് കുമാർ.കെ<br>എംബുക്ക് നമ്പർ 148/15-16 | ഇനം4 31.23m3 | @6916.05= 215988.24 | @ 6564.29 =<br>205002.78 | 10985 |
| | 84/16 സിപക്സ് പിടിപ്പഴി റോഡ്/ footpath അടങ്കൽ 300000 തനത് ഫണ്ട്<br>ടിഎസ് RBB/ kdy/61/15-16 20.8.15<br>ചെലവ് 495938 ചെക്ക് നം 1508078/26.2.16 | കൺവീനർ വിജയകൃഷ്ണൻ.കെ<br>എംബുക്ക് നമ്പർ 78/15-16 | ഇനം5 3.29m3 | @6916.05= 22753.80 | @ 6564.29 =<br>21596.51 | 1157 |
| | ആകെ | | | | | 38737 |

അധികം നൽകിയ 38737 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദികളായ അസി.എഞ്ചിനീയർ മുകളിൽപ്പറഞ്ഞ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സബ്സിഡി മാർഗ്ഗരേഖകകളിൽ നിന്നും വ്യതിചലിച്ച് ധനസഹായം നല്കി.

നിർവ്വഹണം : അസി സെക്രട്ടറി
പ്രോജക്ട് : 213/16 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പെട്ടിക്കട
അടങ്കൽ : 50000 വികസന ഫണ്ട് (എസ്. സി .പി)
ചെലവ് : 50000 ബിൽ നം 1/15-16/25.7.15

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്വയം തൊഴിനായി പെട്ടിക്കടകൾ നൽകുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. മോഹൻദാസ്.പി, എസ്ഓ കുഞ്ചു, കുഞ്ഞുലക്ഷ്മി വിഹാർ പടിക്കൽ താഴം, രാമൻ.പി, പാച്ചാളിൽ എസ്ഓ അയ്യപ്പൻ പടിക്കൽതാഴം എന്നിവർക്ക് 25000 രൂപ വീതം ആകെ 50000 രൂപ ഈ പ്രോജക്ടിൽ ധനസഹായം നല്കിയിട്ടുണ്ട്.

മേൽ ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയപ്പോൾ 16.11.13 ലെ ജിഓ(എംഎസ്)362/13/തസ്വഭവ ഉത്തരവു പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.7, 5.3 എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

1. 40% ശാരീക വെല്ലുവിളി നേരിടുന്നുവെന്നതിന് സർട്ടിഫിക്കറ്റ് വച്ചിട്ടില്ല. മെഡിക്കൽ കോളേജ് കാഷ്വാലിറ്റിയിൽ പരിശോധനയ്ക്ക് വിധേയമായതിന്റെ ഒ.പി.ടിക്കറ്റും ചികിത്സാ രേഖകളും മാത്രമാണ് ഫയലിലുള്ളത്.

2. പെട്ടിക്കട നിർമ്മിച്ചയാൾക്കാണ് ധനസഹായം കൈമാറേണ്ടത് എന്ന നിബന്ധന പാലിക്കാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കി.

3. 2015-16 ലെ ഒരു ഗ്രാമസഭയിലും ഈ പ്രോജക്ട് ചർച്ച ചെയ്യപ്പെട്ടതായോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായോ ഉള്ള വിവരം ഇല്ല.

4. പെട്ടിക്കടകളുടെ നടത്തിപ്പ് ചുമതല മാത്രമാണ് നൽകുന്നതെന്ന നിബന്ധന കരാറിൽ എഴുതിച്ചേർത്തിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ധനസഹായം നൽകിയതിനാൽ ചെലവു തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-3 അനർഹർക്ക് ധനസഹായം നല്കി

നിർവ്വഹണം അസി സെക്രട്ടറി
പ്രോജക്ട് 186/16 വിവാഹ ധനസഹായം (എസ് സി)
അടങ്കൽ 400000 വികസന ഫണ്ട് (എസ് സി പി)
ചെലവ് 100000 ബിൽ നം 6/15-16/23.3.16
300000 ബിൽ നം 5/15-16/29.2.16

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എസ്.സി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നല്കുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്.

16.11.13 ലെ ജിഓ(എംഎസ്)362/13/തസ്വഭവ ഉത്തരവു പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.5 പ്രകാരം 50000/- രൂപ വരുമാന പരിധിക്ക് വിധേയമായി എസ് സി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകാവുന്നതാണ്. എന്നാൽ മേൽ ഉത്തരവിന്റെ 2.14.1 പ്രകാരം സർക്കാർ, അർദ്ധസർക്കാർ എന്നിവയിലെ ജീവനക്കാർ, പെൻഷണർമാർ എന്നിവരെ 50000/- രൂപ വരുമാനമുള്ളവരായി കണക്കാക്കും എന്നു പറയുന്നുണ്ട്.

മേൽ പ്രോജക്ടിന്റെ ഭാഗമായി ടി.പത്മിനിയ്ക്ക് ( വല്ലാപുന്നി വീട്, പാലക്കൽ വട്ടപ്പറമ്പ്) അവരുടെ മക്കളായ പാലക്കൽ നീമയുടെ 25.10.15 ന് നടന്ന വിവാഹത്തിനും പാലക്കൽ നീതുവിന്റെ 8.4.2015 ന് നടന്ന വിവാഹത്തിനും 50000/- രൂപ വീതം 100000 രൂപ ധനസഹായമായി നല്കിയിട്ടുണ്ട്.

മേൽ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം വച്ച രേഖകളിൽപ്പെട്ട റേഷൻ കാർഡിൽ ശ്രീമതി പത്മിനി ഗവ.ജീവനക്കാരിയാണെന്നും വിവാഹക്ഷണകത്തുകളിൽ ബിഎസ്എൻഎൽ റിട്ടയെർഡ് എന്നും കാണിച്ചിട്ടുണ്ട്. മുകളിൽ ചൂണ്ടിക്കാട്ടിയ സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ശ്രീമതി പത്മിനി ധനസഹായത്തിന് അനർഹയാണ്.

സമൂഹത്തിന്റെ താഴെക്കിടയിലുള്ളയാളുകൾക്ക് ലഭിക്കേണ്ട ധനസഹായം അനർഹരായവർക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവു തുക ഒരു ലക്ഷം രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-4 പി.എച്ച്.സി യിലേക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

പ്രൊജക്ട് നമ്പർ :SO194/16

നിർവഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ :100000 (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്)

ചെലവ് : 91000 ( ബിൽ നമ്പർ 10/15-16 തി.29.3.2016)

പി.എച്ച്.സി യിലേക്ക് ഫർണിച്ചർ വാങ്ങുന്നതാണ് പ്രൊജക്ട്. കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് ,കടലുണ്ടി എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ മുഖേനെയാണ് ഫർണിച്ചർ വാങ്ങിയത്.

ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ നൽകിയ ക്വട്ടേഷൻ പ്രകാരമുള്ള വിലവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് | കാഡ്കോ ലിമിറ്റഡ് | മേലങ്ങാടി ടിമ്പേഴ്സ് കവനൂർ | ഫിഡ്കോ എന്റർപ്രൈസസ് |
|---|---|---|---|---|---|
| 1 | സ്റ്റീൽ അലമാര, 4X6.5 feet | 8220(18 gauge) | 8125(20 gauge) | 7900 | nil |
| 2 | അലമാര 6.5X3 feet | 8220 | 6925 | 7500 | 6242(22 gauge) 6722(20 gauge) |
| 3 | ഓഫീസ് ടേബിൾ 30X54 inches 2 side draw | 6720 | 5625 | 2500 | 4924(22 gauge) 5474(20 gauge) |
| 4 | റിവോൾവിംഗ് ചെയർ വിത്ത് ഹൈറ്റ് അഡ്ജസ്റ്റബിൾ | (a) 3250 (b) 3880 (c) 4650 | 4625 | 4000 | 3722(H.R.18) 4242(H.R.16) |
| 5 | കമ്പ്യൂട്ടർ ടേബിൾ 3 X 2 | 2850 | 3125 | 3000 | 2972 |
| 6 | സ്ക്രീൻ മെറ്റൽ ഫ്രെയിം വിത്ത് പാർട്ടിക്കിൾ ബോർഡ് 9mm 6'X6' | 5800 | 5125 | 8000 | 4922 |
| 7 | ടേബിൾ 5X3 feet bottom as sheet | 12800 | 11125 | 4000 | 9940 |
| 8 | മെഡിസിൻ റാക്ക് ഫോർ ഫാർമസി | 4400 | 4425 | 7000 | Steel 20 gauge 7944 (6x3x1) 3444(6x3x1.25) 4344(6x3x1.5) |
| 9 | OP എക്സാമിനേഷൻ ടേബിൾ | nil | Anti wood 4555 steel 4455 | Nil | Wood 4494 steel 4324 |

പ്രൊജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

I ) ടെണ്ടറിൽ ആവശ്യപ്പെട്ട എല്ലാ സാധനവും ലഭ്യമാക്കിയ ഏക സ്ഥാപനവും താരതമ്യേന കുറവായി കോട്ട്

ചെയ്യതും കാഡ്‌കോ ലിമിറ്റഡ് ആണെന്നിരിക്കെ ടെണ്ടർ കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ്, കടലുണ്ടിയ്ക്ക് നൽകി.

II ) OP എക്സാമിനേഷൻ ടേബിൾ ഒഴികെ കോട്ട് ചെയ്യവരിൽ കുറവ് കോട്ട് ചെയ്യത് മേലങ്ങാടി ടിമ്പേഴ്സ് ആയിട്ടും ടെണ്ടർ കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസിനു നൽകി.

III) കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസുമായി കരാറിൽ ഏർപ്പെട്ടില്ല.

IV) ഇൻഡന്റ് പ്രകാരം പി.എച്ച്.സി ലേക്ക് ആവശ്യപ്പെട്ട ഫർണിച്ചറുകളും കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് വിതരണം ചെയ്ത ഫർണിച്ചറുകളും താഴെ പറയുന്നു. ആവശ്യപ്പെട്ട ഫർണിച്ചറുകളിൽ നിന്നും ഇനവും എണ്ണവും വ്യത്യാസപ്പെട്ടിട്ടാണ് വിതരണം ചെയ്യത്.

| ക്രമ നമ്പർ | ഇനം | ആവശ്യപ്പെട്ടത് | | | പർച്ചെയ്സ് ചെയ്യത് | | |
|---|---|---|---|---|---|---|---|
| | | എണ്ണം | യൂണിറ്റ് കോസ്റ്റ് | ആകെ | എണ്ണം | യൂണിറ്റ് കോസ്റ്റ് | ആകെ |
| 1 | സ്റ്റീൽ അലമാര, 4X6.5 feet | 1 | 8220 | 8220 | 4 | 8220 | 32880 |
| 2 | അലമാര 6.5X3 feet | 3 | 8220 | 24660 | -- | -- | -- |
| 3 | ഓഫീസ് ടേബിൾ 30X54 inches 2 side draw | 1 | 6720 | 6720 | -- | -- | -- |
| 4 | റിവോൾവിംഗ് ചെയർ വിത്ത് ഹൈറ്റ് അഡ്ജസ്റ്റബിൾ | 1 | 4650 | 4650 | 1 | 4650 | 4650 |
| 5 | കമ്പ്യൂട്ടർ ടേബിൾ 3 X 2 | 1 | 2850 | 2850 | 1 | 2850 | 2850 |
| 6 | സ്ക്രീൻ മെറ്റൽ ഫ്രെയിം വിത്ത് പാർട്ടിക്കിൾ ബോർഡ് 9mm 6'X6' | 1 | 5800 | 5800 | 2 | 5800 | 11600 |
| 7 | ടേബിൾ 5X3 feet bottom as sheet | 1 | 12800 | 12800 | 1 | 12800 | 12800 |
| 8 | മെഡിസിൻ റാക്ക് ഫോർ ഫാർമസി | 1 | 4400 | 4400 | -- | -- | -- |
| * 9 | OP എക്സാമിനേഷൻ ടേബിൾ | -- | -- | -- | 1 | 4650 | 4650 |
| 10 | എക്സിക്യൂട്ടീവ് ടേബിൾ 4.5X2.5' | -- | -- | -- | 1 | 6720 | 6720 |
| 11 | ഫാർമസി ചെയർ | -- | -- | -- | 1 | 1650 | 1650 |
| 12 | സ്റ്റീൽ റാക്ക് 6X3X12' | -- | -- | -- | 3 | 4400 | 13200 |
| ആകെ | | | | 70100 | | | 91000 |

*ക്രമനമ്പർ 9 മുതൽ ക്വോട്ട് ചെയ്യാത്ത ഫർണിച്ചറുകൾ വിതരണം ചെയ്യതാണ്. ഫർണിച്ചർ പർച്ചേസ് ചെയ്ത 127/23.3.2016ഇൻവോയ്സ് പ്രകാരം ഫർണിച്ചറിന്റെ വില 91000 രൂപ ആണ് ( ടാക്സ് അടക്കം).കോട്ട് ചെയ്തതിനേക്കാളും 20900 രൂപ അധികമാണ്.

V) OP എക്സാമിനേഷൻ ടേബിൾ വാങ്ങിയത് 4650 രൂപയ്ക്കാണ്. ക്വോട്ടേഷനിൽ കാഡ്കോ, ഫിഡ്കോ എന്നീ സ്ഥാപനങ്ങൾ ഇതിലും കുറഞ്ഞ തുകയ്ക്ക് ക്വോട്ട് ചെയ്തിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 23/15.11.2016ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 91000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 3-5 എൽ.പി.ജി പൊതു ശ്മശാനം - അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളിൽ പാലിക്കേണ്ട നിബന്ധനകൾ പാലിച്ചില്ല

നിർവ്വഹണം :സെക്രട്ടറി
പ്രോജക്ട് : 205/16 എൽപിജി പൊതു ശ്മശാനം നിർമ്മാണം
അടങ്കൽ : 777000/- ലോകബാങ്ക് ധനസഹായം
2000000/- : സംസ്ഥാനാവിഷ്കൃത ഫണ്ട്
108000/- : തനത് ഫണ്ട്
1000000/- : ബ്ലോക്ക് വിഹിതം
3885000/-
ചെലവ് : 777000/- 14/15-16/24.8.15 ലോകബാങ്ക് ധനസഹായം
777000/- : 31/15-16/1.3.16 ബ്ലോക്ക് വിഹിതം
155400/-
എഗ്രിമെന്റ് : 07/16 28.7.15

പഞ്ചായത്തിൽ എൽപിജി അധിഷ്ഠിത ശ്മശാനം നിർമ്മിക്കുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിന്റെ നിർവ്വഹണം നടത്തുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡിനെയാണ് ഏൽപ്പിച്ചത്. 18.5.2007 ലെ ജി.ഒ.(എംഎസ്)133/07/തസ്വഭവ. ഉത്തരവു പ്രകാരമുള്ള അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏല്പിക്കുന്നതിന്റെ മാർഗ്ഗരേഖയിലെ താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല എന്നു കാണുന്നു.

കോസ്റ്റ് ഫോർഡിന് എൽപിജി ശ്മശാനം നിർമ്മിക്കുന്ന പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള അനുമതിയുണ്ടോ എന്ന് പരിശോധിച്ചില്ല.

കോസ്റ്റ് ഫോർഡ് തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിൽ പ്രസ്തുത ഏജൻസിയുടെ തന്നെ ഡാറ്റയും സ്പെസിഫിക്കേഷനും അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാമെങ്കിലും ആയത് പിഡബ്ല്യുഡി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നിബന്ധനകളും അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുകയെക്കാൾ അധികമാകരുത്. ഇത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

സാങ്കേതികാനുമതി ഇത്തരം പ്രവൃത്തികൾക്കായി ജില്ലാതലത്തിൽ പ്രവൃത്തിക്കുന്ന സമിതികളിൽ നിന്നും വാങ്ങേണ്ടതാണ്. ആയത് ലഭ്യമാക്കിയിട്ടില്ല. തനത് സാങ്കേതിക വിദ്യ ഉപയോഗിച്ചല്ലാതെ ചെയ്യുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയർ തയ്യാറാക്കേണ്ടതാണ്. ഇത്തരം പ്രവൃത്തികൾ ഉണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല.

രണ്ടാം ഘട്ട തുക നൽകുന്നതിനു മുമ്പ് എൽഎസ്ജിഡി എഞ്ചിനീയർ സൂപ്പർ വിഷൻ ചെയ്ത് അളവുകൾ രേഖപ്പെടുത്തേണ്ടതും ഉയർന്ന ഉദ്യോഗസ്ഥൻ ആയത് ചെക്ക് മെഷർ ചെയ്യേണ്ടതുമാണ്. ആയത് ചെയ്തതായ രേഖകൾ ലഭ്യമല്ല.

എഗ്രിമെന്റ് പ്രകാരം എഗ്രിമെന്റ് തിയതിക്ക് ഏഴ ദിവസത്തിനുള്ളിൽ സൈറ്റ് ഏറ്റെടുക്കേണ്ടതും പതിനഞ്ച് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും ആറു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. ആയതു പ്രകാരം 28.1.16 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനിക്കുന്ന 2016 മാർച്ച് മാസത്തിലും 40%ജോലികൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 155400 രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 നടപ്പാതകൾ റോഡുകൾ എന്നിവയ്ക്ക് കോൺക്രീറ്റിന് പരിധിയിൽ കവിഞ്ഞ് കനം നൽകി - അനാവശ്യ ചെലവ്

എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച സ്പഷ്ടീകരണത്തിൽ (28.9.15ലെ ഡി.ബി.4-9099/2015/സി.ഇ/തസ്വഭവ) താഴെ പറയുന്ന രീതിയിൽ റോഡ് കോൺക്രീറ്റിംഗിനെ കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

വാഹന ബാഹുല്യം കുറഞ്ഞ റോഡുകളിൽ കോൺക്രീറ്റ് പാതകൾ നിർമ്മിക്കുന്ന വലിയ പ്രവൃത്തികൾ ചെയ്യുന്നത് ഐ.ആർ.സി സ്പെസിഫിക്കേഷൻ 62.2014 ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം. നിർമ്മാണ ചെലവ് റോഡിന്റെ പ്രാധാന്യം എന്നിവ പരിഗണിച്ച് നടപ്പാതകൾക്ക് cc 1:4:8 10CM, cc 1:2:4 5cm എന്ന രീതിയിലും വാഹന ഗതാഗതം കൂടുതലുള്ള പാതകൾക്ക് cc 1:4:8 15CM, cc 1:2:4 5cm to 7.5cm വരെയും നല്ലാവുന്നതാണ് . സൈറ്റ് കണ്ടീഷനനസൃതമായി മേൽ കണക്കുകളിൽ മാറ്റം വരുത്തുന്ന പക്ഷം ആവശ്യമായി എഞ്ചിനീയറിംഗ് ഡിസൈൻ പ്രകാരം ആയത് സാധൂകരിക്കേണ്ടതാണ്.

മേൽ സ്പഷ്ടീകരണത്തിന് വിരുദ്ധമായി കടലുണ്ടി ഗ്രാമപഞ്ചായത്തിൽ ചെയ്ത എല്ലാ കോൺക്രീറ്റ് ജോലികളും cc 1:4:8 10CM, cc 1:2:4 10cm എന്ന രീതിയിലാണ് നൽകിയത്. ഇത്തരത്തിൽ ചെയ്യുന്നതിന് വ്യക്തമായ എഞ്ചിനീയറിംഗ് ഡിസൈൻ ഫയലിലുൾപ്പെടുത്തുകയോ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദീകരണം നല്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് | ചെയ്ത അളവ് | നല്കിയ തുക |
|---|---|---|---|
| 1 | 75/16 മുനമ്പത്ത്പള്ളി കൈതവളപ്പ് ഫുട്പാത്ത് അടങ്കൽ 300000 തനത് ഫണ്ട്<br>ടിഎസ് RBB/ kdy/20/15-16 17.7.15<br>ചെലവ് 495938 ചെക്ക് നം 1508042/19.12.15 | 1:4:8 10cm= 16.891m3<br>1:2:4 10cm= 25.715 | 83030<br>169256 |
| 2 | 120/16 സീക്കോടൈൽസ് ചെറൂത്തയിൽ ഫുട്പാത്ത് അടങ്കൽ 450000 തനത് ഫണ്ട്<br>ടിഎസ് RBB/ kdy/3/15-16 15.7.15<br>ചെലവ് 450000 നം 1508026/ 2.2.15 233071/- 87767/31.3.16 | 1:4:8 10cm = 28.835m3<br>1:2:4 10cm= 28.201m3 | 163004.25<br>213462.39 |
| 3 | 125/16 സീക്കോടൈൽസ് ചെറൂത്തയിൽ ഫുട്പാത്ത് അടങ്കൽ 350000 ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>ടിഎസ് RBB/ kdy/37/15-16 12.5.15<br>ചെലവ് 322394 ബിൽ നം | 1:4:8 10cm = 22.593m3<br>1:2:4 10cm= 22.593m3 | 111059.28<br>148707.12 |
| 4 | 106/16 ഗുരുപുരം പനക്കൽതൊടി ഫുട്പാത്ത് അടങ്കൽ 295000 ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>ടിഎസ് RBB/ kdy/15/15-16 17.7.15<br>ചെലവ് 295000 നം 1508023 2.12.25 | 1:4:8 10cm = 22.62m3<br>1:2:4 10cm= 22.593m3 | 11192<br>148885 |
| | | | 1048596 |

കോൺക്രീറ്റിംഗിന് ആവശ്യത്തിലധികം കനം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. 1048596

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-7 കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജ് തനത്ഫണ്ടിൽ നിന്നും അടക്കുന്നു

2015 -16 വർഷത്തിൽ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതചാർജ്ജ് ഇനത്തിൽ 272004 രൂപ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും തനത് ഫണ്ട് ഉപയോഗിച്ച് അടച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ / തിയ്യതി | തുക (രൂ) |
|---|---|---|
| 3/15 | 21500059 / 17.04.15 | 15192 |
| 4/15 | 21500161 / 16.05.15 | 16404 |
| 5/15 | 21500242 / 19.06.15 | 21935 |
| 6/15 | 21500319 / 15.07.15 | 14695 |
| 7/15 | 21500412 / 20.08.15 | 23833 |
| 8/15 | 21500555 / 17.09.15 | 16279 |
| 9/15 | 21500646 / 20.10.15 | 16715 |
| 10/15 | 21500785 / 07.12.15 | 75810 |
| 11/15 | 21500826 / 28.12.15 | 18101 |
| 12/15 | 21500978 / 05.02.16 | 26033 |
| 1/16 | 21501044 / 29.02.16 | 27003 |
| 2/16 | 21500978 / 05.02.16 | 26033 |

ആകെ 298037 രൂ.

30.5.2009 ലെ സ.ഉ.(സാധാ)1275/2009 തസ്വഭവ പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്കാണ്. ഇത്തരം പദ്ധതികളുടെ വൈദ്യുതചാർജ്ജ് അടക്കേണ്ടത് ഗുണഭോക്തൃസമിതികളാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ളപദ്ധതികളുടെ വൈദ്യുത ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അടവാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്. തുക തടസ്സത്തിൽ വെക്കുന്നു.

## 3-8 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല

2015 – 16 വർഷത്തിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും തനത്ഫണ്ട് ഉപയോഗിച്ച് അടച്ച തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

| മാസം | വൗച്ചർ നമ്പർ / ബിൽ നമ്പർ /തിയ്യതി | തുക(രൂ) |
|---|---|---|
| 4/15 | 21500058/17.04.15 | 48278 |
| 5/15 | 21500162/16.05.15 | 48278 |
| 6/15 | 21500238/19.06.15 | 48278 |
| 7/15 | 21500318/15.07.15 | 48294 |
| 8/15 | 21500410/20.08.15 | 48278 |
| 9/15 | 21500554/17.09.15 | 48278 |
| 10/15 | 21500648/20.10.15 | 48278 |
| 11/15 | 21500716/19.11.15 | 48294 |
| 12/15 | 21500824 /28.12.15 | 48342 |
| 1/16 | 21500926/25.01.16 | 48469 |
| 2/16 | 21501020/18.02.16 | 48405 |
| 3/16 | ബിൽ നമ്പർ 1057/15-16/16.03.16 | 48390 |

ആകെ : 579862 രൂപ

എന്നാൽ 2015-16 വർഷത്തിൽ ഒരിക്കൽപോലും കെ.എസ്.ഇ.ബി യുമായിചേർന്ന് പഞ്ചായത്ത് അധികൃതർ തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിട്ടില്ല. അതായത് തെരുവ് വിളക്ക് - വൈദ്യുത ചാർജ്ജ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താതെയാണ് തുക അടച്ചതെന്ന് വ്യക്തമാണ്. അപാകത വിശദീകരിക്കേണ്ടതാണ്. തുക തടസ്സത്തിൽ വെക്കുന്നു.

## 3-9 തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - തുക അടവാക്കിയതിലെ അപാകത

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും 2015 -16 വർഷത്തിൽ തെരുവ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ അടവാക്കിയ തുകകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| മാസം | വൗച്ചർ / ബിൽ നമ്പർ/<br>തിയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| 4/15 | 21500074 / 23.04.15 | 26250 |
| 5/15 | ബിൽ നമ്പർ 148/15-16<br>20.05.15 | 26250 |
| 6/15 | 21500232 / 11.06.15 | 26250 |
| 7/15 | 21500324 / 20.07.15 | 26250 |
| 8/15 | 21500426 / 21.08.15 | 26250 |
| 9/15 | 21500552 / 17.09.15 | 26250 |
| 10/15 | 21500647 / 20.1015 | 26250 |
| 11/15 | 21500718 / 19.11.15 | 26250 |
| 12/15 | 21500825 / 28.12.15 | 26250 |
| 1/16 | 21500925 / 25.01.16 | 26250 |
| 2/16 | 21501039 / 26.02.16 | 26250 |
| 3/16 | ബിൽ നമ്പർ 1058/15-16/16.03.16 | 26250 |

ആകെ : 315000 രൂപ

കേരള വാട്ടർ അതോറിറ്റിയുടെ 02.04.15 ലെ 2110/എൽ/എസ്/ജി നം.കത്ത് പ്രകാരം ആകെ 60 ടാപ്പുകൾ ഉള്ളതിൽ ഓരോന്നിനും 5250 രൂപയാണ് വാട്ടർ ചാർജ്ജ് ഇനത്തിൽ വാർഷിക നിരക്ക് നിർണയിച്ചിരിക്കുന്നത്. എന്നാൽ 2015 -16 വർഷത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്ത് അധികൃതർ തെരുവ് ടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല. അതായത് മേൽ പരാമർശിച്ച വാട്ടർ ചാർജ്ജ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താതെയാണ് തുക അടച്ചത്. അപാകത വിശദീകരിക്കേണ്ടതാണ്. തുക തടസ്സത്തിൽ വെക്കുന്നു.

## **3-10** ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - സാധുതയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്കും ധനസഹായം നല്കി.

2015 – 16 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ സ്കോളർഷിപ്പ് വിതരണ പദ്ധതിയിൽ ആകെ 69 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. ഇതിൽ 2 പേർ , താൽക്കാലിക വികലാംഗത്വം മാത്രമുള്ളവരും ധനസഹായം കൈപ്പറ്റിയ കാലയളവിൽ സാധുതയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാത്തവരുമാണെന്ന് കാണുന്നു.

വിശദാംശങ്ങൾ താഴെചേർക്കുന്നു

പ്രോജക്റ്റ് നമ്പർ : 88 / 16

ആകെ അടങ്കൽ : 540000 രൂപ

ഭരണാനുമതി : 183(10) / 2014 -15 തിയ്യതി 21.3.15

നിർവ്വഹണ ഉദ്യോഗസ്ഥ : ശ്രീമതി കെ.സി.മിനി,ഐ.സി.ഡി.എസ് സൂപ്പർവൈസർ

വികസനഫണ്ടിൽ നിന്നും 270000 രൂപയും ബ്ലോക്ക് / പഞ്ചായത്ത് വിഹിതമായി 135000 രൂപ വീതവും 50:25:25 അനുപാതത്തിൽ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കിയത്.

പദ്ധതിച്ചെലവിന്റെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ഫണ്ട് | ട്രഷറി ബിൽ നമ്പർ / തിയ്യതി | ഡി.ഡി. നമ്പർ/തിയ്യതി | തുക (രൂ) |
|---|---|---|---|
| വികസന ഫണ്ട് | 15/ICDS 2015-16 14.03.16 | - | 270000 |
| ബ്ലോക്ക് വിഹിതം | - | 210198/03.03.16(ലഭിച്ച തിയ്യതി) | 135000 |
| ജില്ല പഞ്ചായത്ത് വിഹിതം | - | 207028 / 30.12.15 | 135000 |

മേൽ പദ്ധതി പ്രകാരം ധനസഹായം നല്കിയ താഴെപ്പറയുന്ന 2 ഗുണഭോക്താക്കളുടെ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ഗുണഭോക്താവ് | പഠിക്കുന്ന ക്ലാസ്സ് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| നിസാമുദ്ദീൻ.സി. | +1 ഹ്യൂമാനിറ്റീസ് | 6000 രൂ. | വികസന ഫണ്ട്, ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതങ്ങൾ എന്നിവ 50:25:25 അനുപാതത്തിൽ.. |
| മുഹമ്മദ് ഫയസ്(ഫായസ്. പി,എൻ) | +1 കൊമേഴ്സ് | 6000 രൂ. | |

ഈ ഗുണഭോക്താക്കൾ സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ഗുണഭോക്താവ് | മെഡിക്കൽ സർട്ടിഫിക്കറ്റ് നല്കിയ അധികാര സ്ഥാനം | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി | സർട്ടിഫി. പ്രകാരം വികലാംഗത്വത്തിന്റെ തരം | ശതമാനം | റിമാർക്സ് |
|---|---|---|---|---|---|
| നിസാമുദ്ദീൻ.സി | കോഴിക്കോട് DMO രൂപീകരിച്ച മെഡിക്കൽ ബോർഡ് | 274756/11.10.10 | Temporary Locomotor. Progressive, Likely to Improve. | 40 | 2വർഷത്തിനു ശേഷം പുനർനിർണയം ആവശ്യമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| മുഹമ്മദ് ഫയസ് (ഫായസ്. പി,എൻ) | കോഴിക്കോട്DMO രൂപീകരിച്ച മെഡിക്കൽ ബോർഡ് | 164635/09.02.10 | Temporary Visual Impairment. Progressive, Likely to Imorove | 40 | 2വർഷത്തിനു ശേഷം പുനർനിർണയം ആവശ്യമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

മേൽപറഞ്ഞ കേസുകളിൽ 2015 – 16ൽ പ്രാബല്യമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ എന്നത് വ്യക്തമല്ല. ഉണ്ടെങ്കിൽ ആയതിന്റെ ഒരു പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 12000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-11 തെരുവു വിളക്കുകൾക്ക് ക്രൂസിന്അധികം തുക നല്കി- വിളക്കുകൾ സ്ഥാപിച്ചതിന് കെഎസ്ഇബിയിൽ നിന്നും സർട്ടിഫൈ ചെയ്തു വാങ്ങിയില്ല

നിർവ്വഹണം : സെക്രട്ടറി

താഴെ പറയുന്ന രണ്ടു പ്രോജക്ടുകളിലായി കടവുകളിൽ സ്ഥാപിക്കുന്നതിനായി സൗരോർജ്ജ വിളക്കുകളും സിഎഫ് വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്.

പ്രോജക്ട് : 204/16 വാക്കടവുകൾ അങ്ങാടികൾ മണൽക്കടവുകൾ സോളാർ വിളക്ക് വാങ്ങൽ

അടങ്കൽ : 500000/- തനത് ഫണ്ട്

ചെലവ് : 247510/-

പ്രോജക്ട് : 207/16 സിഎഫ്എൽ വാങ്ങൽ

അടങ്കൽ : 200000 തനത് ഫണ്ട്

ചെലവ് : 200000/- ലഭ്യമല്ല

ക്രൂസിന്റെ 605/25.7.15 നമ്പർ ഇൻവോയസ് പ്രകാരം 5 സോളാർ വിളക്കുകൾക്കും അവയുടെ അനുബന്ധ സാധനങ്ങൾക്കുമായി 223660/- രൂപയും 91 എണ്ണം 1x36w cfl ട്യൂബ് സെറ്റിന് ഇൻസ്റ്റാലേഷൻ ചാർജ്ജ് അടക്കം 189098 രൂപയും ചെലവു വന്നിട്ടുണ്ട്. (ആകെ 412758/-) എന്നാൽ യഥാർത്ഥ കാഷ് ബിൽ നൽകുന്നതിനു മുമ്പ് ക്രൂസിന് മുൻകൂറായി 432264/- രൂപ അടവാക്കിയിട്ടുണ്ട്. (DD 362213/15.7.15) 19506/- രൂപ അധികം അടവാക്കി. സാധനങ്ങൾ വിതരണം ചെയ്ത് തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടതിനു ശേഷം കാഷ് ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടതെന്നിരിക്കേ മുൻകൂറായി തുക നൽകി.

തെരുവു വിളക്കുകൾ 91 എണ്ണം പുതുതായി വാങ്ങിയപ്പോൾ ആയത് സ്ഥാപിക്കുന്നതിന് സൂപ്പർ വിഷൻ ചാർജ്ജായി കെഎസ്ഇബിക്ക് 15561/- രൂപ നല്കി. എന്നാൽ തെരുവു വിളക്കുകൾ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചുവെന്നതിന് കെഎസ്ഇബിയിൽ നിന്നും സർട്ടിഫൈ ചെയ്തു വാങ്ങിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു

## 3-12 കായിക രംഗത്തെ സമഗ്ര വികസനം - അപാകതകൾ

പ്രൊജക്ട് നമ്പർ : SO129/16

അടങ്കൽ : 300000 , വികസനഫണ്ട് 200000

തനത്ഫണ്ട് : 100000

നിർവഹണ ഉദ്യോഗസ്ഥൻ :ഹെഡ്മാസ്റ്റർ

ചെലവ് :218465 ( 200000, ബിൽ നമ്പർ 2/15-16 തി.31.3.16 )

( 18465 , ചെക്ക് നമ്പർ 87761/30.3.2016 )

കായിക രംഗത്തെ സമഗ്ര പ്രവർത്തനം ആണ് പ്രൊജക്ട് ലക്ഷ്യം വച്ചത്. കായിക പരിശീലനസാമഗ്രികൾ, ഉപകരണം എന്നിവ വാങ്ങുന്നതാണ് പ്രൊജക്ട്.

മേൽ പറഞ്ഞ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കായിക പരിശീലന സാമഗ്രികൾ വാങ്ങൽ, കായിക പരിശീലകന് ഹോണറേറിയം, പരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികൾക്ക് ലഘുഭക്ഷണം എന്നിവയ്ക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | കായിക ഉപകരണങ്ങൾ വാങ്ങൽ | 108965 |
| 2 | കായിക പരിശീലകന് ഹോണറേറിയം ( ജനവരി ,ഫെബ്രുവരി, മാർച്ച് ) | 21000 |
| 3 | ലഘുഭക്ഷണ വിതരണം (മൈത്രി കുടുംബശ്രീ) | 67500 |
| ആകെ | | 197465 |

21000 രൂപയുടെ ചെലവിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല

2. സോക്കർ സ്പോർട്സ്, 17/1814, പാവമണി റോഡ് എന്ന സ്ഥാപനത്തിൽ നിന്നും 108965 രൂപയുടെ കായിക പരിശീലനസാമഗ്രികൾ ടെണ്ടർ മുഖാന്തിരം 6451,6452,6453/21.3.2016 ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ പരിശീലന സാമഗ്രികൾ സ്കൂളിൽ സ്റ്റോക്കിലെടുത്തതിന്റെയോ പരിശീലനം നൽകുന്ന കുട്ടികൾക്ക് വിതരണം ചെയ്തതിന്റെയോ കൈപ്പറ്റിയതോ വിവരങ്ങൾ ലഭ്യമല്ല. പരിശീലനം നൽകിയ കുട്ടികളുടെ വിവരങ്ങൾ, ഹാജർനില എന്നിവ ലഭ്യമല്ല.

3. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 362/2013/ത.സ്വ.ഭ.വ തി.16.11.2013 ൽ അനുബന്ധം 16(ii) പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടുകൂടി ആണ് ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപ കൽപന ചെയ്ത് നടപ്പിലാക്കേണ്ടത്.

4. സാബിത്.വി, എന്ന കായിക പരിശീലകനെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം, പരിശീലനം നൽകിയ കുട്ടികൾ, പരിശീലനം നൽകുന്ന ഇനങ്ങൾ, പരിശീലനം നൽകുന്ന സമയം, എന്നിവ ഫയലിൽ ലഭ്യമല്ല. പരിശീലകന്റെ

ഫിസിക്കൽ എജ്യുക്കേഷനിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്.
5. ജനവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലായാണ് പരിശീലനം നടത്തിയത്. വാർഷിക പരീക്ഷയുടെ സമയത്താണ് കായികപരിശീലനം നടത്തിയത് എന്നത് യുക്തിസഹമല്ല.
6.പ്രോജക്ട് വിവരണമനുസരിച്ച് പരിശീലന പരിപാടികളില്ല എന്ന് രേഖപ്പെടുത്തി ആയതിനു വിരുദ്ധമായി പരിശീലന പരിപാടികൾ ഏറ്റെടുത്തു

2015-16 വർഷത്തിൽ സ്കൂളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ രണ്ട് പ്രൊജക്ട് വച്ചിരുന്നു. 1) ജി.എൽ.പി.എസ് കടലുണ്ടി ,ജി.എൽ.പി.എസ് ചാലിയം,ജി.എഫ്.എൽ.പി.എസ് ചാലിയം സ്മാർട്ട് ക്ലാസ് റൂം, 2) ജി.എൽ.പി.എസ് കടലുണ്ടി ,ജി.എൽ.പി.എസ് ചാലിയം,ജി.എഫ്.എൽ.പി.എസ് ചാലിയം സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ . മുഴുവൻ സർക്കാർ സ്കൂളിലും അടിസ്ഥാന സൗകര്യമൊരുക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. അനിവാര്യ ചുമതല മറികടന്ന് പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ16/14.11.2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ എടുക്കാൻ ആളില്ലാത്തതിനാലാണ് അനിവാര്യ ചുമതല മറികടന്ന് പ്രൊജക്ട് നടപ്പിലാക്കിയത് എന്നാണ് വിശദീകരണം. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 218465 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. 21000 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-13 എസ്. സി കുട്ടികൾക്ക് നൽകാനായി ഫർണിച്ചർ വാങ്ങി - പൂർണ്ണമായി വിതരണം ചെയ്തില്ല.

നിർവ്വഹണം :അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് :135/16 എസ്.സി കുട്ടികൾക്ക് ഫർണിച്ചർ
അടങ്കൽ : 500000 (വികസന ഫണ്ട് എസ്. സി. പി )
ചെലവ് : 56513 ബിൽ നം. 9/15-16/31.3.16

എസ് .സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യാനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. 108 വിദ്യാർത്ഥികളെ ആയതിനായി തെരഞ്ഞെടുക്കുകയും ചെയ്തു. ടെണ്ടർ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസിന്റെ ലിസ്റ്റിൽ നിന്നും പർചേസിങ് കമ്മറ്റി തെരഞ്ഞെടുത്ത കസേര 108 എണ്ണം 56513 രൂപ ചെലവഴിച്ച് വാങ്ങി. മേശ സപ്ലൈ ചെയ്യാനായി കാവനൂർ മേലങ്ങാടി ടിമ്പേഴ്സിനെ തെരഞ്ഞെടുത്തെങ്കിലും ആയത് വാങ്ങിയിട്ടില്ല.
വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 98 കസേര മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി കസേരകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. ഗുണഭോക്താക്കളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെ പ്രോജക്ട് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. പത്ത് കസേരയുടെ വില 5233/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

വെറ്ററിനറി സർജ്ജൻ 2015 – 16 വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിക്കുവേണ്ടി പദ്ധതി അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയ തുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

പ്രോജക്ട് നമ്പർ : 76/16

അടങ്കൽ തുക : 1250000 രൂപ

ഭരണാനുമതി : 53/15-16 06.07.15
ചെലവ് തുക : 75000 രൂപ

ഫണ്ട് : തനത് ഫണ്ട്

ഡി.ഡി നമ്പർ /തിയ്യതി :793443 30.03.2016

കൈമാറിയ തുകക്ക് കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും 550/08.04.2016 നമ്പർ രശീത് ലഭിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു.

## 3-15 തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായി തുക അടവാക്കി- വിനിയോഗ വിവരമില്ല

പ്രോജക്ട് :114/15 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി

അടങ്കൽ : 200000 വികസന ഫണ്ട്

നിർവ്വഹണം : സെക്രട്ടറി

ചെലവ് : 200000 31/15-16 30.3.16

പഞ്ചായത്ത് പ്രദേശത്തെ തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാ തലത്തിൽ നടപ്പാക്കുന്ന പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായി 200000 രൂപ പിൻവലിച്ച് ഡി.ഡി. നം 253412/30.3.16 ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അടവാക്കിയിട്ടുണ്ട്. തുക ഫലപ്രദമായി വിനിയോഗിച്ചതിനുള്ള സാക്ഷ്യ പത്രമോ പഞ്ചായത്ത് പ്രദേശത്ത് മേൽ പ്രോജക്ടിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവലോകനമോ ലഭ്യമാക്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-16 വൈദ്യുതി ലൈൻ നീട്ടൽ പ്രവൃത്തിക്കായി വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗ വിവരമില്ല

നിർവ്വഹണം : സെക്രട്ടറി

പ്രോജക്ട് : 278/16 ആലുങ്ങൽ, പെരിങ്ങോട്ടുകുന്ന് എസ്.സി ശ്മശാനം റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കലും തെരുവു വിളക്കുകൾ സ്ഥാപിക്കലും

അടങ്കൽ : 100000/- വികസനഫണ്ട് എസ് സി പി

ചെലവ് : 88755/- 43/15-16/26.3.16

ആലുങ്ങൽ പെരിങ്ങോട്ടുകുന്ന് എസ്.സി ശ്മശാനം റോഡിൽ വൈദ്യുതി ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ 88755/- ഡിഡി. നം. പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ആയത് പൂർത്തീകരിച്ച വിവരം കെഎസ്ഇബി അറിയിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയോ എന്ന വിവരവും ആയതിന് ചെലവായ തുകയും ഉൾക്കൊള്ളിച്ചുള്ള വിശദമായ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 135000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 135000 | – |
| | 2015-16 | 200000 | പാലിയേറ്റീവ് കെയർ | 200000 | – |
| | 2015-16 | 1000000 | എൽ.പി.ജി.പൊതുശ്മശാനം | 777000 | 223000 |
| | 2015-16 | 200000 | പാലിയേറ്റീവ് കെയർ | 200000 | -- |
| | 2015-16 | 452338 | മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച എസ്.സി.ഫണ്ട് തിരിച്ചടയ്ക്കൽ | 452338 | – |
| ജില്ലാ പഞ്ചായത്ത് | 2015-16 | 135000 | ശാരീരിക മാനസിക | 135000 | – |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| കേന്ദ്രാവിഷ്കൃതഫണ്ട് | 2015-16 | 529513 | അനുപൂരകപോഷകാഹാരം | 529513 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 278/16, ആലുങ്ങൽ പെരിങ്ങോട്ട് കുന്ന് ശ്മശാനം റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 43/15-16 തി.26.3.2016 | 88755 | – | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 479/2010 തി.11.2.2010 | 6960000 | 3111342 | 606000 | 0 | 2505342 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2003500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2003500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ഷെയർ സർട്ടിഫിക്കറ്റ് ,സർട്ടിഫിക്കറ്റ് നമ്പർ 83 | 1000 |
| കോഴിക്കോട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ് ഷെയർ ,സർട്ടിഫിക്കറ്റ് നമ്പർ 2975 തി.18.3.1989 | 2500 |
| ആകെ | 3500 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,44,526 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഓഡിറ്റ് എൻക്വയറി ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,2014-15 | 11/22.1.2016 | 13991 | ശ്രീമതി.ഉഷാര.പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11521101919 തി.2.2.2016 |
| 2013-14,2014-15 | 40/3.2.2016 | 15135 | ശ്രീമതി.ഉഷാര.പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11521101919 തി.4.2.2016 |
| 2013-14,2014-15 | 1/16.1.2016 | 15400 | ശ്രീമതി.ഉഷാര.പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11521101920 തി.2.2.2016 |
| 2013-14,2014-15 | 17/13-14,14-15 | 100000 | ശ്രീ.മുരളി പി അസിസ്റ്റന്റ് സെക്രട്ടറി | ചെലാൻ നമ്പർ 214/23.3.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 1999-00, 61(6) | 2003-04, 2 | പൊതു പരാമർശം - വ്യവസായ എസ്റ്റേറ്റ് പ്രയോജനപ്പെട്ടില്ല |
| 1999-00, 42 | 2003-04, 5(16) | മൈത്രീ ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല |
| 1999-00, 30,31 | 2003-04, 7(23) | നികുതി പിരിവിൽ അലംഭാവം |
| 2000-01, 7 | 2003-04 | പൊതു പരാമർശം - കോച്ചേരി മിനി കുടിവെള്ള പദ്ധതി |
| 1999-00, 35<br>47<br>53 | 2003-04 | 1. ചാലിയം കടവ് ലേലം.<br>2. എ.പി.റോഡ് കരുവൻതുരുത്തി കടവ് റോഡ്.<br>3. ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല. |

| | | |
|---|---|---|
| 2009-10, 3-8 | 2011-12, 2.7(3) | വനിത വ്യവസായ കേന്ദ്രം വൻതുക ചെലവഴിച്ച് നിർമ്മിച്ചത് ഉപയോഗ പ്പെടുത്തുന്നില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53500744 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75836296 |
| വരവിനങ്ങളിലുള്ള നഷ്ടം | 6784 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 188737 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3287348 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 6784 | | ശ്രീ .ജോണി വർഗ്ഗീസ് , സെക്രട്ടറി 4444/-<br>ശ്രീ.സുമേഷ്.കെ, സെക്രട്ടറി 2340/- |
| 3-1 | | 38737 | ശ്രീമതി.തുഷാര.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി.സീന അലക്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 50000 | ശ്രീ.മുരളി.പി,അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 100000 | ശ്രീ.മുരളി.പി,അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 91000 | ഡോ. നീതാഗോപാൽ<br>മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-5 | 155400 | ശ്രീ .ജോണി വർഗ്ഗീസ് , സെക്രട്ടറി<br>777000 |

| | | |
|---|---|---|
| | | ശ്രീ.സുമേഷ്.കെ, സെക്രട്ടറി 777000 |
| 3-6 | 1048596 | ശ്രീമതി.തുഷാര.ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 298037 | ശ്രീ .ജോണി വർഗ്ഗീസ് , സെക്രട്ടറി 218968<br>ശ്രീ.സുമേഷ്.കെ, സെക്രട്ടറി 79069 |
| 3-8 | 579862 | ശ്രീ .ജോണി വർഗ്ഗീസ് , സെക്രട്ടറി 434598<br>ശ്രീ.സുമേഷ്.കെ, സെക്രട്ടറി 145264 |
| 3-9 | 315000 | ശ്രീ .ജോണി വർഗ്ഗീസ് , സെക്രട്ടറി 236250<br>ശ്രീ.സുമേഷ്.കെ, സെക്രട്ടറി 78750 |
| 3-10 | 12000 | ശ്രീമതി.മിനി.കെ.സി<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-11 | 200000 | ശ്രീ .ജോണി വർഗ്ഗീസ് , സെക്രട്ടറി |
| 3-12 | 218465 | ശ്രീ.രവീന്ദ്രൻ .ടി<br>ഹെഡ്മാസ്റ്റർ |
| 3-13 | 5233 | ശ്രീ.മുരളി.പി,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 75000 | ഡോ.നായർ ശ്രീഗീത ശ്രീധര<br>വെറ്ററിനറി സർജൻ |
| 3-15 | 200000 | ശ്രീ.സുമേഷ്.കെ, സെക്രട്ടറി |
| 3-16 | 88755 | ശ്രീ.സുമേഷ്.കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ .ജോണി വർഗ്ഗീസ് | സെക്രട്ടറി, കുന്ദമംഗലം ഗ്രാമപഞ്ചായത്ത് | എടത്തിൽ ഹൗസ്<br>നടുവട്ടം ബേപ്പൂർ |
| ശ്രീ.സുമേഷ്.കെ | സെക്രട്ടറി, കായക്കൊടി പഞ്ചായത്ത് | പത്മശ്രീ ഹൗസ്<br>ഗുരുവായൂരപ്പൻ കോളേജ് |

| | | |
|---|---|---|
| | | പി.ഒ<br>പൊക്കുന്ന് |
| ശ്രീ.മുരളി.പി,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കടലുണ്ടി ഗ്രാമപഞ്ചായത്ത് | അമൃതപുരി, കള്ളിക്കുടം ,<br>ഫറോക്ക് |
| ശ്രീമതി.തുഷാര.ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കടലുണ്ടി ഗ്രാമപഞ്ചായത്ത് | അക്ഷയ<br>രാമകൃഷ്ണപണിക്കർ റോഡ്, ഇ.എസ്.ഐ.ആശുപത്രിക്ക് സമീപം,<br>കോഴിക്കോട് |
| ശ്രീമതി.സീന അലക്സ്<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | ശ്രാവണം ഒഴയടി<br>കുന്ദമംഗലം പി.ഒ<br>കോഴിക്കോട്<br>673571 |
| ശ്രീ.രവീന്ദ്രൻ .ടി<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ചെങ്ങോട്ട്കാവ് | തിരുമംഗലത്ത്<br>കൊല്ലം<br>കൊയിലാണ്ടി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.എസ്.2/1535/1995, 09.04.1999 | 7 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി.2/188/2011(7), 26.04.2011 | 2 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(1), 10.05.2012 | 1 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(2), 10.05.2012 | 5 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(3), 10.05.2012 | 7 |

| | | |
|---|---|---|
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012, 14.11.2012 | 7 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(1), 14.11.2012 | 8 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(2), 14.11.2012 | 4 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/1079 /2003, 01.01.2004 | 1 |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(6), 15.03.2013 | 11 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(5), 15.03.2013 | 1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.2/1709/2012, 06.04.2013 | 7 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.2/1710/2012, 22.04.2013 | 8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.2/1711/2012, 11.06.2013 | 2 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.2/1130/2015, 29.10.2015 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.2/184(2)/2015, 19.06.2015 | 23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 01.07.2013 | 11 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.2/184(3)/2015, 19.06.2015 | 09 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.2/599/2015, 15.05.2015 | 13 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 10.04.2015 | 14 |

| | | |
|---|---|---|
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.2/314/16 /13.5.2016 | 41 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി. പി.11/2076/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി-01.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

No. KSA.KKD/P 11/ 2076/2016

Kerala State Audit Department
District Audit Office, Kozhikode
Phone 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated 01-12-2016

### AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kadalundi Grama Panchayat for the year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kadalundi Grama Panchayat for the year 2015-16 except

this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.